LIBRARY ARCHIVES Kerala Legislative Assembly

നഗരാസൂത്രണ വകുപ്പിന്റെ നവീകരണം

81 (5429) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരാസൂത്രണ വകുപ്പിൽ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിപ്പാർട്ട്മെന്റ് പുതുതായി തയ്യാറാക്കുന്ന എല്ലാ മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും കമ്പ്യൂട്ടർ സഹായത്തോടെ "Geographical Information System" GIS അധിഷ്ഠിതമായാണ് തയ്യാറാക്കി വരുന്നത്. ആയത് മുഖാന്തരം പ്ലാനുകളുടെ തയ്യാറാക്കലിൽ കൂടുതൽ കാര്യക്ഷമതയും വേഗവും കൃത്യതയും കൈവരിക്കുന്നതിനായി ഉദ്ദേശിക്കുന്നു.

(സി) മേൽ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി "Geographical Information System & Aerial Mapping ("2217-05-800-91") എന്നൊരു പ്ലാൻ സ്കീം ഈ വകുപ്പിൽ നടപ്പാക്കി വരുന്നു. ടി സ്കീം മുഖേന വിവിധ കാര്യാലയങ്ങളിലേക്ക് plan preparation-ന് ആവശ്യമായ GIS Software ലഭ്യമാക്കുകയും ആയതിനായുള്ള പരിശീലന പരിപാടികൾ നൽകിവരികയും ചെയ്യുന്നു.

ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾ

82 (5430) ശ്രീ. ഇ. ചന്ദ്രശേഖരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി ചട്ടങ്ങൾ പാലിക്കാതെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ;